# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ - ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 ജനുവരി 17, വെള്ളി

**നമ്പർ 159**

നിയമസഭാ മന്ദിരത്തിന്റെ പ്രവേശന കവാടത്തിൽ എത്തിയ ഗവർണ്ണറെ സ്പീക്കർ, മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യവകുപ്പമന്ത്രി, നിയമസഭാ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് സ്പീക്കറുടെ വേദിയിലേക്ക് ആനയിച്ചു. ഗവർണ്ണറും സ്പീക്കറും അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയ ഗാനം ആലപിക്കപ്പെട്ടു.

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

തുടർന്ന് ഗവർണ്ണർ സഭയെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞ് ഗവർണ്ണർ ഇരിപ്പിടത്തിനു മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയ ഗാനം ആലപിക്കപ്പെട്ടു. ഗവർണ്ണറെ യാത്രയാക്കിയ ശേഷം സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാനടപടികൾ തുടർന്നു. ഗവർണ്ണറുടെ പ്രസംഗത്തിന്റെയും നന്ദിപ്രമേയത്തിന്റെയും പകർപ്പുകൾ അംഗങ്ങൾക്ക് വിതരണം ചെയ്തു. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച 2025 ജനുവരി 20- ന് ആരംഭിക്കുന്നതാണെന്നും അംഗങ്ങൾക്ക് 2025 ജനുവരി 18- ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 12.00 മണി വരെ പ്രസ്തുത ഉപക്ഷേപത്തിന്റെ ഭേദഗതികൾക്കുള്ള നോട്ടീസ് സമർപ്പിക്കാവുന്നതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

2025 ജനുവരി 20- ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.08- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

KNPP.145/2025.

# FIFTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN – PART I

(Brief Record of Proceedings)

*Friday, January 17, 2025.*

**English Version**

The Governor was received at the entrance of the Assembly building by the Speaker, the Chief Minister, the Minister for Local Self Governments, Excise and Parliamentary Affairs, the Secretary Kerala Legislative Assembly and the Chief Secretary and was led to the dais.

When the Governor and the Speaker arrived at their respective positions on the dais, National Anthem was played.

The Assembly met at 9.00 a.m. with Mr. Speaker in the Chair.

The Governor delivered the Address to the Legislative Assembly. After the Address, when the Governor took position in front of his seat, National Anthem was played again. After the departure of the Governor, the business of the House was resumed with Mr. Speaker in the Chair. The copies of Governor's Address and Motion of Thanks were distributed among the Members. The Speaker informed the House that the discussion on the Motion of Thanks to Governor's Address would commence from January 20, 2025 and that those Members who presume to give notice of amendments to the Motion of Thanks may do so before 12.00 p.m. on Saturday, January 18, 2025.

The House adjourned at 11.08 a.m. to meet again at 9.00 a.m. on Monday, January 20, 2025.

DR. N. KRISHNA KUMAR,
*Secretary.*